# മലങ്കരയുടെ എട്ടാം കാതോലിക്ക
# പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ
# പൗലോസ് ദ്വിതിയൻ കാതോലിക്കാബാവ




1946 ഓഗസ്റ്റ് 30–ന് കുന്നംകുളത്തിന് സമീപം മാങ്ങാട് എന്ന ഗ്രാമത്തിൽ ജനിച്ചു. 1973 ജൂൺ 21–ാം തീയതി യൂഹാനോൻ മാർ സെവേറിയോസ് മെത്രാപ്പോലീത്ത വൈദീക പട്ടം നൽകി. 1982 ഡിസംബർ 28–ന് തിരുവല്ല എം.ജി.എം. സ്കൂളിൽ കൂടിയ മലങ്കര അസോസിയേഷൻ പോൾ അച്ചനെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1985 മെയ് 15–ാം തീതയി മാവേലിക്കര പുതിയകാവ് പള്ളിയിൽ വെച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ ബാവാ എപ്പിസ്കോപ്പയായി വാഴിച്ചു. കുന്നംകുളം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി 2006 സെപ്റ്റംബർ 27–ന് മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കയുടെയും പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടു. 2010 നവംബർ 1–ന് പരുമല പള്ളിയിൽ വെച്ച് മാർത്തോമ്മ ശ്ലീഹായുടെ സിംഹാസനത്തിലെ കാതോലിക്കയായും മലങ്കര മെത്രാപ്പോലീത്തായായും വാഴിച്ചു. പരിശുദ്ധ പിതാവാണ് പുത്തൻകാവിൽ കൊച്ചുതിരുമേനിയെ 2013 ഏപ്രിൽ 17–ന് കാതോലിക്കേറ്റ് രത്നദീപമായി പ്രഖ്യാപിച്ചത്.

# അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത



മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ മെത്രാപ്പോലീത്ത
പുത്തൻകാവ് കത്തീഡ്രൽ ഇടവകാംഗം, ചെങ്ങന്നൂർ ഭദ്രാസനാധിപൻ

# മലങ്കര ഓർത്തഡോക്സ് സഭയുടെ
# പരിശുദ്ധ സുന്നഹദോസിലെ അഭിവന്ദ്യ തിരുമേനിമാർ




മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ്
ദ്വിതീയൻ കാതോലിക്കബാവാ




മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ
മെത്രാപ്പോലീത്ത തോമസ് മാർ
അത്തനാസിയോസ് (ചെങ്ങന്നൂർ ഭദ്രാസനം)



പരിശുദ്ധ സുന്നഹദോസ് സെക്രട്ടറി
ഡോ. മാത്യൂസ് മാർ സെവേറിയോസ്
മെത്രാപ്പോലീത്താ (കണ്ടനാട് വെസ്റ്റ് ഭദ്രാസനം)



കുര്യാക്കോസ് മാർ ക്ലിമ്മീസ്
മെത്രാപ്പോലീത്താ
(തുമ്പമൺ ഭദ്രാസനം)



ഗീവറുഗീസ് മാർ കൂറിലോസ്
മെത്രാപ്പോലീത്താ (ബോംബെ ഭദ്രാസനം)



ഡോ. തോമസ് മാർ അത്താനാസിയോസ്
മെത്രാപ്പോലീത്താ (കണ്ടനാട് ഈസ്റ്റ് ഭദ്രാസനം)



യൂഹാനോൻ മാർ മിലിത്തിയോസ്
മെത്രാപ്പോലീത്താ (തൃശൂർ ഭദ്രാസനം)



സഖറിയാസ് മാർ അന്തോനിയോസ്
മെത്രാപ്പോലീത്താ (കൊല്ലം ഭദ്രാസനം)



സഖറിയാസ് മാർ നിക്കോളാവസ്
മെത്രാപ്പോലീത്താ
(നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനം)



ഡോ. യാക്കൂബ് മാർ ഐറേനിയോസ്
മെത്രാപ്പോലീത്താ
(കൊച്ചി ഭദ്രാസനം)



ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്
മെത്രാപ്പോലീത്താ
(തിരുവനന്തപുരം ഭദ്രാസനം)



ഡോ. സഖറിയാസ് മാർ തെയോഫിലോസ്
മെത്രാപ്പോലീത്താ
(മലബാർ ഭദ്രാസനം)



ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
മെത്രാപ്പോലീത്താ (നിരണം ഭദ്രാസനം)



യൂഹാനോൻ മാർ പോളികർപ്പസ്
മെത്രാപ്പോലീത്താ (അങ്കമാലി ഭദ്രാസനം)



മാത്യൂസ് മാർ തേവോദോസ്യോസ്
മെത്രാപ്പോലീത്താ (ഇടുക്കി ഭദ്രാസനം)



ഡോ. ജോസഫ് മാർ ദിവന്നാസിയോസ്
മെത്രാപ്പോലീത്താ (കൽക്കട്ട ഭദ്രാസനം)



എബ്രഹാം മാർ എപ്പിപ്പാനിയോസ്
മെത്രാപ്പോലീത്താ
(സുൽത്താൻ ബത്തേരി ഭദ്രാസനം)



ഡോ. മാത്യൂസ് മാർ തിമോത്തിയോസ്
മെത്രാപ്പോലീത്താ
(യു.കെ. യൂറോപ്പ് ആഫ്രിക്കൻ ഭദ്രാസനം)



അലക്സിയോസ് മാർ യൗസേബിയോസ്
മെത്രാപ്പോലീത്താ
(സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം)



യൂഹാനോൻ മാർ ദിയസ്കോറസ്
മെത്രാപ്പോലീത്താ
(മദ്രാസ് ഭദ്രാസനം)



ഡോ. യൂഹാനോൻ മാർ ദെമത്രിയോസ്
മെത്രാപ്പോലീത്താ
(ഡൽഹി ഭദ്രാസനം)



ഡോ. യൂഹാനോൻ മാർ തേവോദോറസ്
മെത്രാപ്പോലീത്താ
(കൊട്ടാരക്കര–പുനലൂർ ഭദ്രാസനം)



യാക്കൂബ് മാർ ഏലിയാസ്
മെത്രാപ്പോലീത്താ
(ബ്രഹ്മവാർ ഭദ്രാസനം)



ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
(അടൂർ കടമ്പനാട് ഭദ്രാസനം)



ഡോ. ജോഷ്വാ മാർ നിക്കോദിമോസ്
മെത്രാപ്പോലീത്താ
(നിലയ്ക്കൽ–മാവേലിക്കര ഭദ്രാസനം)



ഡോ. ഗീവറുഗീസ് മാർ യൂലിയോസ്
മെത്രാപ്പോലീത്താ
(അഹമ്മദ്ബാദ് ഭദ്രാസനം)



ഏബ്രഹാം മാർ സെറാഫിം
മെത്രാപ്പോലീത്താ
(ബാംഗ്ലൂർ ഭദ്രാസനം)



വൈദിക ട്രസ്റ്റി
ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്



അൽമായ ട്രസ്റ്റി
എം. ജി. ജോർജ്ജ് മുത്തൂറ്റ്



സഭാ സെക്രട്ടറി
ഡോ. ജോർജ്ജ് ജോസഫ്



# സന്ദേശങ്ങൾ

◆ ശ്രീ. ചിത്തിരതിരുനാൾ മഹാരാജാവ് ◆ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ
◆ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ◆ മുൻ മുഖ്യമന്ത്രി സി. കേശവൻ ◆ ലോകസഭാ സ്പീക്കർ ജെ.വി. മാളവൻങ്കർ
◆ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രസിഡന്റ് പുരുഷോത്തമദാസ് ടണ്ഡൻ ◆ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത ◆ തുമ്പമൺ ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്ത
◆ അഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ◆ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് ബഞ്ചമിൻ കോശി
◆ മലയാള മനോരമ ചീഫ് എഡിറ്റർ മാമ്മൻ മാത്യു ◆ ബിഷപ്പ് ഹെർബട്ട് വാഷ് ◆ പാമ്പാടി തിരുമേനി
◆ കൊടിക്കുന്നിൽ സുരേഷ് എം.പി. ◆ പി. സി. വിഷ്ണുനാഥ് എം.എൽ.എ.

Website: www.mosc.in
E-mail: catholicos@mosc.in

Telephone: 0481-2574323, 2578500
Fax: 0481-2570569

# The Malankara Orthodox Syrian Church
## CATHOLICATE OF THE EAST

**BASELIOS MARTHOMA PAULOSE II**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA



## സന്ദേശം

MESSAGE

മാർച്ച് 14, 2014

### അനുഗ്രഹാശംസ

സത്യവിശ്വാസത്തിന്റെ കാവൽഭടനായ പരിശുദ്ധ സഭയെ നയിച്ച 'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഗാന കോകിലം' എന്നറിയപ്പെട്ടിരുന്ന പുത്തൻകാവിൽ അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സീനോസ് കൊച്ചുതിരുമേനിയെ മലങ്കര സഭാമക്കൾക്ക് ഒരുകാലത്തും വിസ്മരിക്കുവാൻ സാധ്യമല്ല. പ. സഭയോടും കാതോലിക്കാ സിംഹാസനത്തോടുമുള്ള ആഴമേറിയ വിധേയത്വം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രകടിപ്പിക്കുന്നതിൽ ആ പുണ്യപിതാവ് എന്നും ബദ്ധശ്രദ്ധനായിരുന്നു. 1951 -ലെ കാതോലിക്കാദിനമായ ഏപ്രിൽ 15-ന് കുന്നംകുളത്തുവച്ച് അദ്ദേഹം അവസാനം നടത്തിയ കാതോലിക്കാദിന സന്ദേശം ഉൾപ്പെടെയുള്ള അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും എഴുത്തുകളിലും നിറഞ്ഞുനിന്നത് അതുല്യമായ സഭാസ്നേഹവും ദൈവസ്നേഹവുമായിരുന്നു. പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിലെ ആ പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥാടകരായി വരുന്ന വിശ്വാസികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു എന്നു പറയുന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്. തികഞ്ഞ സഭാസ്നേഹി, ഉത്തമസന്യാസി, മികച്ച വാഗ്മി, വിദ്യാഭ്യാസ വിചക്ഷണൻ തുടങ്ങിയ നിലകളിലെല്ലാം ശോഭിച്ചിരുന്ന അഭിവന്ദ്യ തിരുമേനിയുടെ പ്രവർത്തനങ്ങളെയും സേവനങ്ങളെയും മാനിച്ച് പരിശുദ്ധ സഭ **'കാതോലിക്കേറ്റ് രത്നദീപം'** എന്ന നാമം നൽകി അദ്ദേഹത്തെ ആദരിക്കുകയുമുണ്ടായല്ലോ. ആ പിതാവിന്റെ സമസ്ത ജീവചരിത്രവും അപൂർവ്വ ചിത്രങ്ങളും ലേഖനങ്ങളും ഉൾപ്പെടുത്തി പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ പ്രസിദ്ധീകരിക്കുന്ന ***കാതോലിക്കേറ്റ് രത്നദീപം*** എന്ന സുവനീറിന് എല്ലാ ആശംസകളും നേരുന്നു. ആ പിതാവിന്റെ മദ്ധ്യസ്ഥത നമുക്കേവർക്കും കോട്ടയായിരിക്കട്ടെ. ദൈവം അനുഗ്രഹിക്കട്ടെ

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

# Malankara Orthodox Syrian Church

(CATHOLICATE OF THE EAST)

**DIOCESE OF CHENGANNUR**

**Most Rev. Thomas Mar Athanasios**

METROPOLITAN

Res: St. George Dayara
Othera - 689546
Kerala, India.
Phone: 0469-2656808

e-mail: marathanasios@gmail.com

Office: Bethel Aramana, P.B.No.38,
Chengannur - 689121
Kerala, India.
Phone: 0479 - 2451331
Fax: 0479 - 2453310
Mob: 94477 91896


No. CD/TMA/130/'14

20-05-2014



## സന്ദേശം

MESSAGE

നമുക്കെത്രയും വാത്സല്യമുള്ള പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ വികാരിക്കും സഹ പട്ടക്കാരനും, ദേശത്തു പട്ടക്കാർക്കും, മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും, സുവനീർ കമ്മറ്റി അംഗങ്ങൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്.

പ്രിയരെ,

പരിശുദ്ധ സഭയുടെ കാതോലിക്കേറ്റിനു വേണ്ടി അഹോരാത്രം യത്നിച്ച പുണ്യശ്ലോകനായ കാതോലിക്കേറ്റ് രത്നദീപം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതവും ദർശനവും തലമുറയ്ക്ക് പരിചയപ്പെടുത്തുവാൻ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ നമുക്ക് അനൽപമായ സന്തോഷമുണ്ട്. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സഭാജീവിതം അക്ഷരാർത്ഥത്തിൽ ഏവരെയും അമ്പരിപ്പിക്കുന്നതാണ്. സ്വതന്ത്രവും തദ്ദേശീയവുമായ സഭയെപ്പറ്റി നിരന്തരം സ്വപ്നം കാണുകയും ആ ലക്ഷ്യസാക്ഷാത്കാരത്തിനായി അവസാന നിമിഷം വരെ പോരാടുകയും ചെയ്ത തിരുമേനിയുടെ ജീവിതം പുതുതലമുറയ്ക്ക് സഭാ ജീവിതത്തിന് പ്രചോ ദനമേകുന്ന പാഠപുസ്തകമാണ്. പരിശുദ്ധ സഭയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയ്ക്ക് നിരവധി സംഭാവനകൾ നൽകിയ കർമ്മയോഗിയായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതം പിതൃവിജ്ഞാനീയ ശാഖയിലെ പ്രഭാപൂരിതമായ അദ്ധ്യായമാണ്. ശ്വാസോച്ഛ്വാസത്തിൽ പോലും സഭയുണ്ടാകണം എന്ന വിശ്വാസത്തിൽ തനിക്കുള്ളതെല്ലാം പരിശുദ്ധ സഭയുടേ താണെന്ന് പ്രഖ്യാപിച്ച തിരുമേനി താൻ ജീവിച്ച കാലത്തേയും തുടർകാലഘട്ടങ്ങളേയും സ്വാധീനിക്കുന്ന നിലയ്ക്കാത്ത പ്രചോദന ഉറവിടമാണ്. തിരുമേനി അവസാനമായി കുന്നംകുളത്തേക്ക് യാത്ര തിരിക്കുമ്പോൾ അമ്മയോട് യാത്ര ചോദിക്കുവാനായി കിഴക്കേതലയ്ക്കൽ വീട്ടിൽ വന്നു. അപ്പോൾ പതിവുപോലെ അമ്മയുടെ നിർദ്ദേശപ്രകാരം വൈകിട്ട് അത്താഴം എവിടെയാണ് കൊണ്ടുവരേണ്ടതെന്ന് ഞാൻ ചോദിച്ചു. ഈ പ്രാവശ്യം ഭക്ഷണം കരുതേണ്ട എന്ന് തിരുമേനി മറുപടി നൽകി. തിരുമേനി യാത്ര തിരിച്ചു. പിന്നീടൊരിക്കലും ഭക്ഷണം കരുതേണ്ടി വന്നില്ല. തന്റെ മരണത്തെപ്പോലും മുൻകൂട്ടി കണ്ട ദീർഘദർശി ആയിരുന്നു കൊച്ചുതിരുമേനി.

തിരുമേനിക്ക് അസുഖം കൂടുതലാണെന്ന് കാണിച്ചുള്ള ടെലിഗ്രാം കുന്നംകുളത്തു നിന്ന് വന്നപ്പോൾ എന്റെ പിതൃസഹോദരനെ വിവരം അറിയിക്കാൻ പുത്തൻകാവിൽ നിന്ന് പിരളശ്ശേരി വരെ ഓടിയത് ഞാൻ ഓർക്കുന്നു. തിരികെ പുത്തൻകാവിലേക്ക് നടന്നപ്പോൾ ഇരുവശങ്ങളിലുമുള്ള ഭവനങ്ങളിൽ നിന്നും കരച്ചിൽ ഉയർന്നിരുന്നതും പുത്തൻകാവ് പള്ളിയിൽ നിന്നും ദുഃഖ മണിനാദം ഉയരുന്നതും ഇന്നും എന്റെ ഓർമ്മയിൽ ഉണ്ട്.

ആശയ ഗാംഭീര്യം കൊണ്ടും സ്വരമാധുര്യം കൊണ്ടും മലങ്കര സഭയെ സ്വാധീനിച്ച ഗാനകോകിലം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ദീപ്തമായ ഓർമ്മകൾ തലമുറയ്ക്ക് പങ്കുവയ്ക്കുവാൻ ഈ സ്മരണികയ്ക്ക് സാധിക്കട്ടെ മഹത്തായ അക്ഷര ദൗത്യത്തിന്റെ പിന്നിൽ പ്രയത്നിച്ച ഏവരെയും നാം അനുമോദിക്കുന്നു.

ശേഷം പിന്നാലെ ദൈവം അനുഗ്രഹിക്കട്ടെ.

✝ Mar Athanasios

തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ

MALANKARA ORTHODOX SYRIAN CHURCH
DIOCESE OF THUMPAMON
www.thumpamon.mosc.in

**KURIAKOSE MAR CLEMIS METROPOLITAN**
BASIL ARAMANA
Pathanamthitta, 689645
Kerala, India

☎ 0468 2325942
0468 2222243
✉ hgmarclemis@gmail.com

MESSAGE



# മലങ്കരയുടെ മഹാമുനി

പരിശുദ്ധ സഭയുടെ അനുഗ്രഹീത പ്രയാണത്തിൽ ഉത്തമരും, ആദരണീയരും, അതിശ്രേഷ്ഠരുമായ അനേകം പിതാക്കന്മാർ സഭാനേതൃത്വത്തിൽ എത്തിയിട്ടുണ്ട്. ദൈവം എഴുന്നേൽപ്പിച്ച പുരുഷന്മാരായ അവർ മോശയെയും, യോശുവയെയും പോലെ സഭാഗാത്രത്തിനായി സ്വജീവൻ സമർപ്പിച്ചവരാണ്. സഭാമക്കൾക്ക് ആത്മീക - ഭൗതിക പോഷണത്തിനായി ദൈവം എഴുന്നേൽപ്പിച്ച പിതാക്കന്മാരുടെ സ്മരണ അനുഗ്രഹീതമാണ്. കാതോലിക്കേറ്റ് രത്നദീപം പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് തിരുമേനിയുടെ ജീവിതവും സാക്ഷ്യവും ഇതിൽ പ്രത്യേകം പ്രസ്താവ്യമാണ്. മലങ്കരസഭയുടെ ഉന്നമനത്തിനായി സ്വജീവിതം ഹോമിച്ച ത്യാഗധനനായ പരികർമ്മിയായിരുന്നു അഭിവന്ദ്യ തിരുമേനി. ഘനഗംഭീരവും, ശ്രുതിമധുരവുമായ സ്വർഗ്ഗീയ ശബ്ദം ദൈവം അദ്ദേഹത്തിനു നൽകിയ ദാനമായിരുന്നു. അതിലളിതമായ പ്രഭാഷണശൈലി ആരെയും ആകർഷിയ്ക്കുമായിരുന്നു.

അഞ്ചു വയസ്സുള്ളപ്പോളായിരുന്നു ഞാൻ ആദ്യമായി തിരുമേനിയെ കണ്ടത്. മാതൃഇടവകയായ കൂർത്തമല സെന്റ് മേരീസ് ഇടവകയിലെ തിരുമേനിയുടെ സന്ദർശനം ഞങ്ങൾക്കൊക്കെ ഉത്സവ പ്രതീതി നൽകിയിരുന്നു. തിരുമേനിയെ ഒരു തവണ കണ്ടാൽ ശബ്ദം കേട്ടാൽ പിന്നീടതൊരു പ്രതിധ്വനിപോലെ പിന്തുടരുമായിരുന്നു. ദയറാ പ്രസ്ഥാനത്തെപ്പറ്റി തിരുമേനിയ്ക്കൊരു കാഴ്ചപ്പാടുണ്ടായിരുന്നു. പത്തനംതിട്ടയിലുള്ള ബേസിൽ ദയറാ തിരുമേനിയുടെ ജീവരക്തത്തിൽ പതിപ്പിച്ചുണ്ടാക്കിയ സ്ഥാപനമായിരുന്നു. ആർക്കെങ്കിലും വേണ്ടി അഥവാ എന്തിനെങ്കിലുമായി പ്രാർത്ഥിക്കണമെന്ന് തിരുമേനി പറഞ്ഞിട്ടുണ്ടെങ്കിൽ അത് പത്തനംതിട്ടയിലുള്ള ബേസിൽ ദയറായ്ക്കുവേണ്ടിയായിരുന്നെന്ന് വന്ദ്യ എം.സി. കുര്യാക്കോസ് റമ്പാൻ പറയുമായിരുന്നു. സഭ ഇന്ന് അഭിമാനത്തോടെ കാണുന്ന പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ്, ഹയർ സെക്കണ്ടറി സ്കൂൾ, കിഴവള്ളൂർ ഹൈസ്ക്കൂൾ, മെത്രാപ്പോലീത്തൻ എച്ച്.എസ്.എസ്. ആദിയായ വിദ്യാഭ്യാസ സ്ഥാപനങ്ങളും അനേകം ദേവാലയങ്ങളും, ബഥേൽ, ബേസിൽ ദയറ തുടങ്ങിയവയിലും തിരുമേനിയുടെ ഹൃദയരക്തത്തിന്റെ ഗന്ധമുണ്ട്.

അഭിഭക്ത തുമ്പമൺ ഭദ്രാസനത്തിനായി തിരുമേനിയൊഴുക്കിയ വിയർപ്പു തുള്ളികൾ പാഴായില്ല. വാഹനസൗകര്യമില്ലാതിരുന്ന കാലഘട്ടത്തിൽ കുന്നുകളിലും, മലകളിലും കയറിയിറങ്ങി തിരുമേനി തൂകിയ വിയർപ്പു മണികളാണ് ഇന്നിവിടെ സഭയുടെ ഉരുക്കുകോട്ടകളായി നിലകൊള്ളുന്നത്. മലങ്കരസഭ ആകമാനം അതുപ്രതിധ്വനിമുഴക്കി.

വിശ്വാസം, ആചാരങ്ങൾ ആദിയായവയെപ്പറ്റി ഓർത്തഡോക്സ് പാരമ്പര്യത്തിൽ നിന്നുകൊണ്ട് അദ്ദേഹം നൽകിയ വ്യാഖ്യാനങ്ങൾ, പഠനങ്ങൾ ആദിയായവയ്ക്ക് ഇന്നും തുല്യമായൊരു വ്യാഖ്യാനങ്ങളില്ല. ദൈവസ്നേഹത്തെ സഹജീവികളിൽ ദർശിച്ച് അതിനായി എരിഞ്ഞടങ്ങിയ മഹാമനീക്ഷിയും, തേജോഗോളവുമായിരുന്നു തിരുമേനി.

ആ നാമം എന്നും സ്മരിക്കപ്പെടണം നിത്യമായ സഭാദർശനം അദ്ദേഹം പുലർത്തി ആരോഗ്യസൗഭാഗ്യ മേച്ചിൽ പുറങ്ങളെ കല്ലേറു ദൂരം അകറ്റിമാറ്റി സ്വജീവിതം അർച്ചനനൽകിയ മഹാമുനിക്ക് പ്രണാമങ്ങൾ......

ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി
കേരളം

ഭരണഭാഷ
മാതൃഭാഷ

No. 537/Pre-Sec/CM/2014

21/04/2014



# സന്ദേശം

MESSAGE

തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ജീവചരിത്രം ഉൾപ്പെടുത്തിക്കൊണ്ട് കാതോലിക്കേറ്റ് രത്നദീപം എന്ന പേരിൽ സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. കോട്ടയം എം.ഡി. ഹൈസ്കൂളിൽ എന്റെ പിതാവിന്റെ ഗുരുനാഥനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. സമൂഹത്തിന് മാതൃകയായ പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ഓർമകൾ ഏവർക്കും പ്രചോദനമേകുന്നതാണ്. കത്തീഡ്രൽ പ്രസിദ്ധീകരിക്കുന്ന സ്മരണിക മെത്രാപ്പോലീത്തായുടെ ഓർമകൾ പ്രദീപ്തമാക്കട്ടെ.

എല്ലാ ആശംസകളും

ഉമ്മൻ ചാണ്ടി.

ഓഫീസ് : സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 2333610, 2333812, 2333197, 2332148, 2333214, 2332682, 2332184
ഫാക്സ് : (0471) 2333489 വസതി : (0471) 2345600, 2342602 & (0481) 2351135

प्रो. पी. जे. कुरियन
**Prof. P. J. Kurien**

सत्यमेव जयते

उप सभापति, राज्य सभा
**Deputy Chairman, Rajya Sabha**

संसद भवन, नई दिल्ली
Parliament House, New Delhi
दूरभाष/Tel.: 23017371, 23034689
फैक्स/Fax : 23012559

21.3.2014



# സന്ദേശം

M E S S A G E

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിത ചരിത്രവും, അപൂർവ്വ ചിത്രങ്ങളും, ലേഖനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് "കാതോലിക്കേറ്റ് രത്നദീപം" എന്ന പേരിൽ ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.

മറ്റുള്ളവരെ കേൾക്കുന്നതിനും, പരിഗണിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേകം താൽപര്യം കാണിച്ച അവിസ്മരണീയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. ഉജ്ജ്വല വാഗ്മിയും, ഗായകനും, അധ്യാപകനുമൊക്കെയായിരുന്ന ഒരു മാതൃകാ മേൽപ്പട്ടക്കാരനായിരുന്നു തിരുമേനി. സഭകളുടെ ഐക്യത്തിനും സമൂഹത്തിന്റെ നന്മയ്ക്കും വേണ്ടി തിരുമേനി എടുത്ത നിലപാടുകൾ ശ്ലാഘനീയമാണ്. വാക്കിലും പ്രവർത്തിയിലും ലാളിത്യം പുലർത്തിയിരുന്ന തിരുമേനി എല്ലാവർക്കും മാതൃകയായിരുന്നു. തിരുമേനിയുടെ ജീവചരിത്രലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നത് പുതുതലമുറയ്ക്ക് പ്രചോദനമായിരിക്കും എന്നതിൽ സംശയമില്ല. പുത്തൻ കാവിൽ കൊച്ചുതിരുമേനിയുടെ വലിയ ഭക്തയായിരുന്നു എന്റെ മാതാവ്. പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്തപ്പോൾ എന്റെ അമ്മയ്ക്കുണ്ടായ തീവ്രമായ ദുഃഖം ഇന്നും എനിക്ക് ഓർമ്മയുണ്ട്.

"കാതോലിക്കേറ്റ് രത്നദീപം" പ്രസിദ്ധീകരിക്കുന്നതിന് നേതൃത്വം വഹിക്കുന്ന എല്ലാവരെയും അനുമോദിക്കുന്നതോടൊപ്പം സുവനീറിന് എല്ലാ വിജയവും ആശംസിയ്ക്കുന്നു.

(പി. ജെ. കുര്യൻ)

***Delhi Resi.:*** 14, Akbar Road, New Delhi-110 011 Ph. : 23015375, 23015377 Fax : 23015345
***Kerala Resi.:*** Pallath, P.O. Paduthodu,Vennikkulam, Distt. Pathanamthitta, Kerala Ph.: 0469-2750588, 2651465
E-mail : prof_pjkurien@yahoo.com

**രമേശ് ചെന്നിത്തല**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

03-6-2014



# സന്ദേശം

M E S S A G E

തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ജീവിതചരിത്രവും ലേഖനങ്ങളും അപൂർവ്വ ചിത്രങ്ങളും ഉൾപ്പെടുത്തി 'കാതോലിക്കേറ്റ് രത്നദീപം' എന്ന പേരിൽ ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നുവെന്ന റിഞ്ഞതിൽ സന്തോഷം

1930 മുതൽ 1951 വരെ തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ജീവിതം തന്നെ അദ്ദേഹം സമൂഹത്തിന് നൽകുന്ന സന്ദേശമാണ്. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ ജീവചരിത്രം സമൂഹത്തിന് മാർഗ്ഗദർശനം നൽകുമെന്ന കാര്യത്തിൽ സംശയമില്ല. നിരവധി തവണ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടം ഞാൻ സന്ദർശിച്ചിട്ടുണ്ട്.

സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ പ്രസ്തുത സംരംഭത്തിന് എന്റെ ആശംസകൾ.

രമേശ് ചെന്നിത്തല

*Justice J.B. Koshy*
*Former Chief Justice, Patna High Court*

*Chairperson*
*Kerala State Human Rights Commission*

Turboplus Tower, PMG Junction, Vikas Bhavan P.O.,
Thiruvananthapuram - 695 033
Tel: 0471 2301221, Fax: 0471 2307490

*Res : T.C. No. 14/503, Pothujanam Lane,*
*Kumarapuram, Thiruvananthapuram-695 011.*
*Tel: 0471 255 2221.*

*'Thripthi', Thripthi Lane,*
*S.A. Road, Cochin - 682016.*
*Tel: 0484 2323611, 0484 2323688*
*Mobile: 94470 90105.*
*e-mail: koshyjb@yahoo.com*



# സന്ദേശം

MESSAGE

പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നറിയപ്പെടുന്ന പീലക്സിനോസ് തിരുമേനിയെക്കുറിച്ചുള്ള സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ വളരെയേറെ സന്തോഷമുണ്ട്. അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർക്കെല്ലാം ആദ്യമായി എന്റെ അഭിനന്ദനങ്ങൾ.

തിരുമേനി സ്ഥാപിച്ച പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂളിൽ (ഇപ്പോൾ ഹയർ സെക്ക ണ്ടറി സ്കൂൾ) പഠിച്ച എനിക്ക് തിരുമേനിയോടുള്ള കടപ്പാട് വളരെയേറെയാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ വികസന പ്രവർത്തനങ്ങൾക്ക് കാര്യമായ അടിസ്ഥാനമിട്ടത് അദ്ദേഹമാണ്. കാട് പിടിച്ചുകിടന്ന പത്തനംതിട്ടയിലെ മാക്കാംകുന്നിൽ സ്കൂളും കോളേജും മറ്റും ആരംഭിച്ച് ഇന്നൊരു ജില്ലയുടെ തലസ്ഥാനമാക്കിയതിന്റെ പിന്നിൽ അദ്ദേഹത്തിന്റെ ദീർഘവീ ഷണം ആണ്. ആറാട്ടുപുഴ, നീർവിളാകം, കോയിപ്രം, ഇടനാട് തുടങ്ങിയ സ്ഥലങ്ങളിലെ ല്ലാവർക്കും തിരുമേനി സ്ഥാപിച്ച പുത്തൻകാവ് ഹൈസ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കി. പല സ്കൂളുകളുടെയും സ്ഥാപനം കുട്ടികളുടെ ഭാവിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്ത പ്രതി ഫലിക്കുന്നു. ദീർഘവീക്ഷണവും ജാതിമതഭേദമെന്യേ കുട്ടികളുടെ ഭാവിയെക്കുറിച്ചുള്ള അദ്ദേ ഹത്തിന്റെ താൽപര്യവും വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടും പ്രസ്താവ്യ മാണ്. തിരുമേനിയുടെ പ്രസംഗങ്ങൾ ആരെയും പ്രചോദിപ്പിക്കുന്നതായിരുന്നു. പ്രസംഗപാടവം അദ്ദേഹത്തിന്റെ ഒരു വലിയ മുതൽക്കൂട്ടായിരുന്നു. ഇന്നും ഏതെങ്കിലും പ്രധാന സ്ഥലത്ത് പ്രസംഗിക്കുവാൻ പോകുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത തേടാറുണ്ട്. തിരുമേനിയുടെ മാധുര്യമേറുന്ന ആരാധന സഭയെ മുഴുവൻ കോരിത്തരിപ്പിക്കുന്നതായിരുന്നു. സഭയോടുള്ള കൂറ് വളരെ അടിയുറച്ചതായിരുന്നു. കാതോലിക്കാ സിംഹാസനത്തിന്റെ ഏറ്റവും വലിയ കാവൽ ഭടനായിരുന്നു. അദ്ദേഹം രചിച്ച ആരാധനാ ഗീതങ്ങൾ അദ്ദേഹത്തിന്റെ കവിത്വത്തേയും വിശ്വാസസത്യങ്ങളിലുള്ള അഗാധപാണ്ഢിത്യത്തെയും സൂചിപ്പിക്കുന്നു. അന്നത്തെ ചെറുപ്പക്കാ ർക്ക് തിരുമേനി ഒരു വലിയ പ്രചോദനമായിരുന്നു. എന്റെ ജ്യേഷ്ഠസഹോദരൻ തെയോഫോറസ് റമ്പാച്ചൻ ഉൾപ്പെടെ ഉള്ളവരുടെ ഗുരുനാഥനായിരുന്നു. സ്വന്തം തലയിൽ ചുമടെടുത്ത്, ആഹാരം പോലും വെടിഞ്ഞ് വികസന കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചിരുന്ന അദ്ദേഹം ഒരു വലിയ അദ്ധ്വാനശീലൻ ആയിരുന്നു. ആരോഗ്യം വെടിഞ്ഞും സഭയെ സ്നേഹിച്ച ആത്മാർത്ഥത അദ്ദേഹ ത്തിന്റെ വാക്കിലും പ്രവർത്തിയിലും നിഴലിച്ചിരുന്നു. പ്രചോദനമേറുന്ന വാക്കുകൾ മാത്രമല്ല വാക്കുകൾ പ്രവർത്തിയിലൂടെ കാണിച്ച് സമൂഹത്തിന് മാതൃകയായിരുന്ന ഒരു മഹൽ വ്യക്തി യായിരുന്നു തിരുമേനി. വിശ്വാസകാര്യങ്ങളിലുള്ള തീഷ്ണതയും സഭയുടെ ചരിത്രവും വിശ്വാ സവും മാത്രമല്ല. പൊതുവിജ്ഞാനവും അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലൂടെയും കൃതികളിലൂ ടെയും നമുക്ക് ദർശിക്കാവുന്നതാണ്. സമൂഹത്തിന് മാതൃകയായിരുന്ന അദ്ദേഹത്തിന്റെ പ്രാർത്ഥന ഏവർക്കും പ്രയോജനമാകട്ടെയെന്നും അദ്ദേഹത്തിനെക്കുറിച്ച് പ്രസിദ്ധീകരിക്കുന്ന ഈ സ്മര ണിക പുതുതലമുറയ്ക്ക് പ്രചോദനമായി തീരട്ടെ എന്നും ആശംസിക്കുന്നു.

പ്രാർത്ഥനകളോടെ,

ജസ്റ്റിസ് ബെഞ്ചമിൻ കോശി

www.manoramaonline.com

**Malayala Manorama**

**Mammen Mathew**
*Chief Editor*

P B No. 26, Kottayam 686 001, Kerala India
Phone: +91-481-2563646, Fax: + 91-481-2565610
E-mail: mammenmathew@manorama.com



# സന്ദേശം

MESSAGE

പുത്തൻകാവ് കൊച്ചുതിരുമേനിയെപ്പറ്റി പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ 'കാതോലിക്കേറ്റ് രത്നദീപം എന്ന പേരിൽ സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷിക്കുന്നു.

ഇടയ ദൗത്യത്തിന്റെ ലാളിത്യവും എളിമയും, മുഖമുദ്രയാക്കിയ ആത്മീയാചാര്യന്മാരിൽ അഗ്രിമ സ്ഥാനത്താണ് പുത്തൻകാവ് കൊച്ചുതിരുമേനി എന്നറിയപ്പെടുന്ന ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത. കർമവൈവിധ്യം കൊണ്ടും നേതൃഗുണം കൊണ്ടും ജീവിത വിശുദ്ധികൊണ്ടും സഭയ്ക്കും ഒപ്പം സമൂഹത്തിനും മാർഗ്ഗദീപമായിരുന്നു അദ്ദേഹം.

എന്റെ പിതാമഹൻ, മലയാള മനോരമയുടെ മുഖ്യ പത്രാധിപരായിരുന്ന കെ.സി. മാമ്മൻ മാപ്പിളയുമായി അദ്ദേഹത്തിനുണ്ടായിരുന്ന സൗഹൃദം കാലം മായ്ക്കാത്തതാണ്. സഭാ പ്രവർത്തനത്തിനും സാമൂഹിക സേവനത്തിനും വിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിനും ഇരുവരും തോളോടു തോൾ ചേർന്നു നിന്ന കാര്യം സഭാ ചരിത്രത്തിന്റെ ഏടുകളിൽ ത്തന്നെയുണ്ട്.

കൊച്ചുതിരുമേനിയുടെ മാതൃകാ ജീവിതം പുതുതലമുറയ്ക്കു പ്രചോദനമേകാൻ ഈ സുവനീർ കാരണമാകട്ടെ എന്നു ഞാനാശംസിക്കുന്നു.

മാമ്മൻ മാത്യു
ചീഫ് എഡിറ്റർ, മലയാള മനോരമ

21-03-2014

कोडिकुन्नील सुरेष
KODIKUNNIL SURESH

श्रम एवं रोजगार राज्य मंत्री
भारत सरकार
नई दिल्ली
MINISTER OF STATE FOR
LABOUR & EMPLOYMENT
GOVERNMENT OF INDIA
NEW DELHI

സത്യമേവ ജയതേ

മാർച്ച് 04, 2014



# സന്ദേശം

MESSAGE

പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ 1951 ഏപ്രിൽ 17 ന് കാലം ചെയ്ത തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രോപ്പോലീത്തയുടെ സമസ്ത ജീവിത ചരിത്രവും അപൂർവ്വ ചിത്രങ്ങളും അനേക ലേഖനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് കാതോലിക്കേറ്റ് രത്നദീപം എന്ന പേരിൽ ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട് പല തവണ കൊച്ചുതിരുമേനിയുടെ പുത്തൻകാവിലെ കബറിടം ഞാൻ സന്ദർശിച്ച് അനുഗ്രഹം നേടിയിട്ടുണ്ട്.

പ്രസ്തുത സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ആശംസകളോടെ

കൊടിക്കുന്നിൽ സുരേഷ്

"बाल श्रम रोकें"

"STOP CHILD LABOUR"

104, Shram Shakti Bhawan, New Delhi-110119
Phone : 23325635, 23708179 TeleFax : 23766326

**P. C. VISHNUNADH**
(CHENGANNUR)
MEMBER
KERALA LEGISLATIVE ASSEMBLY

PAINUMMOOTTIL
PUTHENCAVU P.O.
CHENGANNUR
PIN-689 123

PHONE :
RES. : 0479-2145750
OFFICE : 0471-2512237
MOBILE : 9446836006

FLAT No. 702, CHANDRAGIRI BLOCK
M. L. A. HOSTEL
THIRUVANANTHAPURAM
E-mail : pcvishnunadh@gmail.com

CAMP........................

DATE........................



MESSAGE

# സന്ദേശം

പ്രിയപ്പെട്ട എഡിറ്റർ,

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവചരിത്രം ഉൾപ്പെടുത്തിക്കൊണ്ട് "കാതോലിക്കേറ്റ് രത്നദീപം" എന്ന പേരിൽ ഒരു സുവനീർ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. ആദ്യമായി ചെങ്ങന്നൂരിൽ എത്തിയപ്പോൾ താമസിക്കാൻ നിയോഗം ലഭിച്ചത് പുത്തൻകാവിലായിരുന്നു. അന്നുമുതൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയെക്കുറിച്ചുള്ള അത്ഭുതാദരങ്ങൾ നിറഞ്ഞ ഒട്ടേറെ സംഭവങ്ങൾ മനസ്സിലാക്കുവാൻ കഴിഞ്ഞു; അദ്ദേഹത്തിന്റെ ത്യാഗവും എളിമയും, പാവങ്ങളോടുള്ള പ്രതിബദ്ധതയും മനസ്സിലാക്കുവാൻ കഴിഞ്ഞു. ആദ്യത്തെ തിരഞ്ഞെടുപ്പിൽ മത്സരിക്കുവാനൊരുങ്ങിയപ്പോൾ കൊച്ചുതിരുമേനിയുടെ കബറിങ്കൽ പോയി ഉള്ളുതുറന്നു പ്രാർത്ഥിച്ചിരുന്നു. വിജയത്തിനുശേഷം നന്ദി പറയുവാനും അവിടെയെത്തി. പിന്നീടു വീണ്ടും പലതവണ ജീവിതത്തിൽ പ്രയാസങ്ങളും സന്തോഷങ്ങളും ഉണ്ടായ അവസരങ്ങളിലെല്ലാം ആ സന്നിധിയിൽ എത്തുവാൻ കഴിഞ്ഞു. കൊച്ചുതിരുമേനിയുടെ ജീവിതം പുതിയ തലമുറയ്ക്ക് പ്രചോദനവും ആത്മവിശ്വാസവും നൽകുമെന്നതുകൊണ്ട് ഈ നന്മയ്ക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

പി.സി.വിഷ്ണുനാഥ്

1951 -ൽ പ്രസിദ്ധീകരിച്ച 'മാർ പീലക്സിനോസ്' സുവനീറിലെ ആശംസകൾ



# ശ്രീ.ചിത്തിര തിരുനാൾ മഹാരാജാവിന്റെ സന്ദേശം

MESSAGE

His Highness has been grieved to receive your telegram about the sad demise of Most Rev. Mar Philexinos Metropolitan of Thumpamon and I am commanded to convey to you and his family His Highness' sincere condolence.

Secretary
**His Highness Raj Pramukh.**


MESSAGE

Ootacamund
19-05- 1951

Governor of Bombay
Government House

I am very sorry to know of the premature demise of the Rt. Rev: Mar Philiexinos. His departure is a blow not only to the Orthodox Syrian Church but to the whole Christian Churches in India. Many also who are not Christians will mourn his decease. From what I have heard, the late Philexinos was a man of piety, learning and culture. I trust that his good example will be widely followed.

**Maharaja Singh**
Governor of Bombay



**G.V. Mavlankar**

**G.V. Mavlankar**
(Speaker)
Indian Dominion
Paliament


New Delhi
16-5-1951

I was very sorry to learn from your letter of the 14th instant the premature and unexpected worldly departure of His Holiness Mar Philexinos. I believe, I had the privilege and the pleasure of meeting His Holiness when I visited South India in January 1950. In him the Jacobite Syrian Christian Community of Kerala have lost a trusted friend and guide. May God give his soul peace.

Yours Sincerely

(Signed)

MESSAGE



All India Congress Committee
7, Jantar Mantar Road
New - Delhi

With reference to your letter No: T P 5647 dated the 21st ultimo. I offer my respectful Shraddhanjali to the memory of H.H. Mar Philexinos late Bishop of the Jacobite Syrian Christian Community of Kerala. I was in Kerala at the time of his demise and I was able to see how greatly he was respected by the Community.

Yours sincercly
**Purushottamdas Tandon.**
(President)



**C. Kesavan**
Chief Minister

Cliff House
Trivandrum
19th May 1951

I am glad to hear about the proposal to publish a souvenir in memory of Most Rev. Mar Philexinos, M.A., B.D. The idea to commemorate the services of an eminent ecclesiastic, is surely laudable. I wish the venture success and hope the publication would be really worthy of the departed.

Yours sincerely
(Signed)

MESSAGE



**ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത**

പിന്നീട് മലങ്കരയയുടെ നാലാം കാതോലിക്കയായി

ദൈവകൃപയാൽ

ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ,

കാലംചെയ്ത മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സ്മാരകമായി ഒരു സുവനീർ നിങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു എന്നറിയുന്നതിൽ നമുക്കും വളരെ സന്തോഷമുണ്ട്.

വിദേശിയരുടെ ആക്രമണംകൊണ്ടും, ബുദ്ധിശൂന്യമായ അഭ്യന്തരകലഹത്താലും കാതലായ വിശ്വാസമർമ്മങ്ങളെപ്പറ്റിയുള്ള അജ്ഞതമൂലവും, ഗഹനമായ വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള സംശയം ഹേതുവായും, ക്രിസ്തീയജീവിതമാന്ദ്യതമൂലവും ഉണ്ടായിക്കൊണ്ടിരിക്കുന്ന കൊടുങ്കാറ്റുകൊണ്ട് നട്ടംതിരിയുന്ന മലങ്കര സുറിയാനിസഭയ്ക്ക് ഒരു തൂണായി നിന്നിരുന്ന പണ്ഡിതകേസരിയും, പ്രസിദ്ധ വാഗ്മിയും, ഏതൊരു ഹൃദയത്തേയും ശസ്ത്രക്രിയ ചെയ്യത്തക്ക വിശ്രുത പ്രസംഗിയും, ദീർഘദൃഷ്ടിയും, സംസ്ക്കാരസമ്പന്നനും, സഭാസമാധാനത്തിനുവേണ്ടി തീവ്രയത്നം ചെയ്തയാളും, സഭാംഗങ്ങൾ എല്ലാവരുടെയും പ്രതീക്ഷാവിഗ്രഹവും, തുമ്പമൺ മഹാഇടവകയുടെ മാതൃകായോഗ്യനായ ഭരണാധികാരിയും, പരിചിതന്മാർക്കെല്ലാം സുഹൃത്തുമായ നി.വ.ദി. ശ്രീ. മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അപ്രതീക്ഷിത നിര്യാണംമൂലം മലങ്കരസഭയുടെ മഹാപിതാവായ പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിക്കും പ്രത്യേകിച്ച്, തുമ്പമൺ ഇടവകയേയും, മലങ്കരസഭയിൽപ്പെട്ട എല്ലാവരെയും ഒരുപോലെ അപരിഹാര്യദുഃഖസാഗരത്തിൽ നിമഗ്നരാക്കിയതിനാൽ, ആബാലവൃദ്ധം എല്ലാവരുടെയും അകമലർ ചുട്ടു നീറിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, ദിവംഗതനായ വന്ദ്യതിരുമേനിയോടുള്ള സ്നേഹാദരവിന്റെ ഫലമായി സമാശ്വാസം നൽകുന്നതിന് വാത്സല്യമക്കളായ നിങ്ങളെ പ്രേരിപ്പിച്ച സമുദായസ്നേഹത്തേയും, പിതൃഭക്തിയേയും, പ്രീതിവാത്സല്യത്തേയും ഔദാര്യചിത്തതേയും നാം ഏറ്റം ശ്ലാഘിക്കുന്നു.

സമാധിയടഞ്ഞ പിതാവിന്റെയും നിങ്ങളുടെ സ്നേഹാദരവുകൾക്ക് അർഹന്മാരായ പരേതരും, സജ്ജീവരുമായ എല്ലാ പിതാക്കന്മാരുടേയും പ്രാർത്ഥനയാൽ സർവ്വേശ്വരൻ നിങ്ങൾക്ക് ഉദ്ദിഷ്ടനിർവ്വാഹണത്തിനും, മറ്റെല്ലാ നന്മക്കും, എല്ലാവിധത്തിലും സഹായിച്ചനുഗ്രഹിക്കട്ടെ.

എന്ന്, 1951 മെയ് 25 – ാം തീയതി മൂവാറ്റുപുഴ

മെത്രാസന അരമനയിൽ നിന്നും

ഒപ്പ്



**കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് (പാമ്പാടി തിരുമേനി) മെത്രാപ്പോലീത്ത**

ദൈപകൃപയാൽ

കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ

നമ്മുടെ പ്രിയ സഹോദരനും, മലങ്കര സുറിയാനു സഭയിലെ ഒരു അഭിവന്ദ്യ നേതാവും, കർമ്മകുശലനും ആയിരുന്ന മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അകാലികവും, ആകസ്മികവുമായ വേർപാടിൽ കുന്നംകുളം ഓർത്തഡോക്സ് സുറി യാനി സഭാംഗങ്ങളായ നമ്മുടെ ആത്മീയ മക്കൾക്കുള്ള സീമാതീതമായ സന്താപത്തേയും, അദ്ദേഹത്തോടുള്ള ഭക്ത്യാദരവുകളേയും പ്രകടിപ്പിക്കുമാറ്, നിങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന സ്മാരക ഗ്രന്ഥത്തിന് സകല ഭാവുകങ്ങളും നാം ആശംസിച്ചു കൊള്ളുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, 1951 ജൂൺ 2

**പാമ്പാടി മാർ കുറിയാക്കോസ്**

ദയറായിൽ നിന്നും

ഒപ്പ്

MESSAGE



**ബിഷപ്പ് സി.കെ. ജേക്കബ്**

**(1886 – 1957)**

സി. എസ്. ഐ. ബിഷപ്പ് (1947 – 1957) സി.കെ. ജേക്കബ് പുത്തൻകാവിൽകൊച്ചുതിരുമേനിയുടെ ഉറ്റസ്നേഹിതനായിരുന്നു.

**Rt. Rev. C.K. Jacob**
Bishop

Bishop's House
Kottayam
19th May 1951

I am glad that the Orthodox Syrian Progressive Party is publishing a Souvenir as a mark of respect to the late Mar Philexinos, Metropolitan of Thumpamon, who was called home for higher service. The late Bishop was a man of liberal views generous outlook and able statesmanship. In him the Church has lost a profound scholar, a wise leader and a kind Father in God. The progressive party cannot do anything better to show their regard for the late Bishop than work for the establishment of peace in the Church, which the late Bishop longed for.

(Sd)
Bishop in Central Travancore



**മാത്യൂസ് മാർ അത്തനാസിയോസ് എപ്പിസ്കോപ്പാ**

1937 – ൽ മാർത്തോമ്മ സഭയുടെ എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ട തിരുമേനിപുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ആത്മമിത്രമായിരുന്നു. ചെങ്ങന്നൂർ ഒലിവറ്റ് അരമന ഉൾപ്പെടെ നിരവധി സ്ഥാപനങ്ങളുടെ സ്ഥാപകനാണ്. 1973 – ൽ കാലം ചെയ്തു.

**മാത്യൂസ് മാർ അത്താനാസ്യോസ് തിരുമനസ്സിൽ നിന്നും**

എന്റെ ഒരു ഉത്തമസ്നേഹിതനും, സതീർത്ഥ്യനുമായിരുന്ന മാർ പീലക്സിനോസ് മെത്രാപ്പോലീത്താ കാലം ചെയ്ത ദുഃഖവാർത്ത നിറഞ്ഞ കണ്ണുകളോടുകൂടെയത്രേ ഞാൻ വ്യാഴാഴ്ച സന്ധ്യയ്ക്ക് ഊട്ടിയിൽ വെച്ച് കേട്ടത്. മലയാളമനോരമയുടെ വജ്രജൂബിലി മഹോത്സവദിനത്തിൽ ഞങ്ങൾ ഒരു പ്ളാറ്റ്ഫോറത്തിൽ ദീർഘസമയം ഒരുമിച്ചിരുന്നു. ഒടുവിൽ യാത്രപറഞ്ഞ് ഞാൻ നീലഗിരിക്ക് പോരുമ്പോൾ, ഞാനോ അന്ന് ആ മഹാസദസ്സിൽ കൂടിയിരുന്ന ആയിരക്കണക്കിലുള്ള ജനങ്ങളോ ഈ വന്ദ്യതിരുമേനി നമ്മോടെല്ലാം ഇത്ര വേഗം യാത്രപറഞ്ഞ് പിരിയുമെന്ന് ആരു വിചാരിച്ചു. തിരുമനസ്സുകൊണ്ട് സെറാംപൂരിൽ പഠിക്കുന്ന കാലം മുതൽ ഞങ്ങൾ ആത്മസുഹൃത്തുക്കളത്രെ. ചെങ്ങന്നൂരിൽ ഞങ്ങളുടെ അടുത്തുള്ള താമസവും, കൂട്ടായ്മയും ഏറ്റവും സന്തോഷകരമായിരുന്നു.

ഒരു വിശാലഹൃദയനും, നിരന്തരപരിശ്രമശീലനും, സഭയുടെ ഉന്നമനത്തിനും, ഐക്യത്തിനുംവേണ്ടി അക്ഷീണപ്രയത്നം ചെയ്തുകൊണ്ടിരുന്ന ദേഹവുമായിരുന്ന തിരുമനസ്സിലെ ദേഹവിയോഗം മലങ്കരസുറിയാനി സഭയ്ക്ക് ഒരു അപരിഹാര്യമായ നഷ്ടമത്രെ. അദ്ദേഹത്തിന്റെ വേർപാട് എനിക്ക് വ്യക്തിപരമായിട്ടുതന്നെ ഒരു വലിയ നഷ്ടമാണ്.